# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.3)588/22.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 29/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.3)588/22. തീയ്യതി: 29/06/2022

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-11-2019 മുതൽ 19-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 20-04-2022 | 30-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 30-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ.പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുമിത ടി എസ്,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രഞ്ചിത്ത് പി.ആർ, ഓഡിറ്റർ
ശ്രീമതി. ബിന്ദു. കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആദർശ്.എ.പി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നടരാജൻ.വി.എം | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ.കെ.എ.അബ്ദുൾ ജലീൽ | സെക്രട്ടറി | 17-07-2019 | 31-03-2020 |
| ശ്രീമതി.അമൃതകുമാരി.വി.ഡി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ശ്രീജ.വി.എസ്. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഷാജിത.കെ.ബി | വി.ഇ ഒ.,എടവിലങ്ങ് | 01-04-2019 | 31-03-2020 |
| ശ്രീ.അരുൺ ജോസ്.ടി | വി.ഇ ഒ.കാര | 01-04-2019 | 05-11-2019 |
| ശ്രീമതി.ഗിരിജദേവി.വി.ബി | വി.ഇ ഒ.കാര | 06-11-2019 | 31-03-2020 |
| ഡോ.ഫസീല.ഇ.ഐ | മെഡിക്കൽ ഓഫീസർ,ആയുർവേധം | 01-04-2019 | 31-03-2020 |
| ഡോ.അനിൽ.ടി.പി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 21-06-2019 |
| ഡോ.പാർവ്വതി ബാബു.സി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 22-06-2019 | 02-03-2020 |
| ഡോ.നിഷ രാംദാസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 03-03-2020 | 31-03-2020 |
| ഡോ.സജി.പി.എ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡിനി വിൻസെന്റ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 29-07-2019 |
| ശ്രീമതി.ദീപ.ഡി.എച്ച് | ഐ സി ഡി എസ് സൂപ്പർവൈസർ | 30-07-2019 | 31-03-2020 |
| ശ്രീമതി.ഫാൻസി പരമേശ്വരൻ | കൃഷി ഓഫീസർ | 01-04-2019 | 11-07-2019 |
| ശ്രീ.ശശി മേനോൻ | കൃഷി ഓഫീസർ | 12-07-2019 | 26-09-2019 |
| ശ്രീമതി.ജിനി ജേക്കബ് | കൃഷി ഓഫീസർ | 27-09-2019 | 08-11-2019 |
| ശ്രീമതി.ഭാനു ശാലിനി | കൃഷി ഓഫീസർ | 12-11-2019 | 31-03-2020 |
| ശ്രീമതി.റാണി.എം.എസ് | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ചിപ്പി കാദർ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2019 | 31-03-2020 |
| ഡോ.കവിത.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 28-08-2019 |
| ശ്രീ.അരുൺ.ടി.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-08-2019 | 04-09-2019 |
| ശ്രീമതി.ബിത.സി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 05-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Nirmal K G (Audit Officer, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Nirmal K G (Audit Officer, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Bindhu (Auditor, On 28-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sumitha T.S (Asst. Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.A.Sivan (Audit Officer, On 26-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 26-04-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: Nirmal K G (Audit Officer, On 29-04-2022) | 1-10 |
| 11 | വസ്തു നികുതി റെസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-11 |
| 12 | വസ്തു നികുതി -നോൺറസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-12 |
| 13 | വസ്തു നികുതി കുടിശ്ശിക - റസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-13 |
| 14 | വസ്തു നികുതി കുടിശ്ശിക -നോൺ റസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-14 |
| 15 | ലൈബ്രറിസെസ് -വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-15 |

| | | |
|---|---|---|
| | Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 16 | വസ്തു നികുതി -ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-16 |
| 17 | വസ്തുനികുതി മുൻകൂർ ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-17 |
| 18 | വാടക ഡിമാന്റ് എന്ട്രി രണ്ട് തവണ മാത്രം<br>Written By: Ranjith P.R (Auditor, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-18 |
| 19 | രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-19 |
| 20 | മുൻകൂർ തുക ലഭിച്ചത് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-20 |
| 21 | രേഖകൾ ഇല്ലതെ ജേണൽ എൻട്രി -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-21 |
| 22 | ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-22 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-23 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-24 |
| 25 | ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-25 |
| 26 | ഡിപ്രിയിസേഷൻ കണക്കാക്കിയില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-26 |
| 27 | ക്ലോസിങ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-27 |
| 28 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-28 |
| 29 | ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-29 |
| 30 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-30 |
| 31 | " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ രേഖപ്പെടുത്തേണ്ടതാണ്<br>Written By: Bindhu (Auditor, On 29-04-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 32 | അക്കൗണ്ട് ബാലൻസ് - റീ കൺസിലിയേഷൻ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-32 |
| 33 | Capital Work In Progress-ൽ തുക ചേർത്തിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-33 |
| 34 | മുന്‌കൂർ നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടും മുൻകൂറിൽ ഉൾപ്പെടുത്തി.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-34 |
| 35 | അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ചെലവായി രേഖപ്പെടുത്തി.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-35 |
| 36 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-36 |
| 37 | പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-37 |
| 38 | ലേലം-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-38 |
| 39 | പഞ്ചായത്ത് കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-39 |
| 40 | സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-40 |
| 41 | വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-41 |
| 42 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Ranjith P.R (Auditor, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-42 |
| 43 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-43 |
| 44 | സാമൂഹ്യ ക്ഷേമ പെൻഷൻ- വാർഷികകണക്കിലെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-44 |
| 45 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-45 |
| 46 | എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. | 1-46 |

| | | |
|---|---|---|
| | Written By: Nirmal K G (Audit Officer, On 29-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | |
| 47 | പൂകൃഷി - രേഖകൾ പൂർണ്ണമല്ല.31250രൂ തടസ്സപ്പെടുത്തുന്നു.<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-47 |
| 48 | വനിത പച്ചക്കറി കൃഷി -മൺചട്ടി വാങ്ങിയതിലെ അപാകതകൾ<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-48 |
| 49 | മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല.<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-49 |
| 50 | ലൈഫ് മിഷൻ പട്ടികജാതി വിഹിതം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-50 |
| 51 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Nirmal K G (Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-51 |
| 52 | കന്നുകുട്ടി പരിപാലന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 06-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-52 |
| 53 | പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യ സമയത്ത് ലഭിക്കുന്നില്ല.<br>Written By: Sumitha T.S (Asst. Audit Officer, On 03-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-53 |
| 54 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-54 |
| 55 | കരാർ വെച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങിയിട്ടില്ല<br>Written By: P.A.Sivan (Audit Officer, On 05-05-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 1-55 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: Nirmal K G (Audit Officer, On 28-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 27-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: P.A.Sivan (Audit Officer, On 29-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.A.Sivan (Audit Officer, On 27-04-2022)<br>Last Updated By: N Satheesan (Deputy Director, On 29-06-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 26.02.2019, 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 88655000 | 87408500 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 27.02.2020(നം.ഇല്ല) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 143864824 | 137768500 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 03-06-2020 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 11610558.72/- |
| വരവ് | 48560796/- |
| ആകെ | 6,0171354.72/- |
| ചെലവ് | 46119269/- |
| നീക്കിയിരിപ്പ് | 14052085.72/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 9688141 | 9688141 | 8753650 | 934491 |
| വികസനഫണ്ട്-എസ് സി പി | 0 | 3310588 | 3310588 | 1518858 | 1791730 |
| വികസനഫണ്ട്-ടി.എസ് . പി | 0 | 153000 | 153000 | 100000 | 53000 |
| മെയിന്റനൻസ്-റോഡ് | 0 | 4832000 | 4832000 | 2634329 | 2197671 |
| മെയിന്റനൻസ്-നോൺ റോഡ് | 0 | 3801000 | 3801000 | 3073251 | 727749 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8410073 | 8410073 | 4007875 | 4402198 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 100 | 48942013 | 63 | 23777982 | 0 | 37 | 48.60 |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 59640 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 646800 | 182 |
| വിധവാ പെൻഷൻ | 3206400 | 945 |
| വാർദ്ധക്യകാലപെൻഷൻ | 4380900 | 1374 |
| വികലാംഗ പെൻഷൻ | 1104600 | 311 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 186600 | 54 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.04.2022 തീയതിയിൽ 3.30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2283 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24501.72 | 739847 | 764347 | 373901 | 390447.72 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12363792 | 12363792 | 12363792 | 0 |

## 1-9 ആഭ്യന്തരനിയന്ത്രണം

2019-20 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ തൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പ്രത്യേകമായി പരാമർശിക്കുന്നില്ല. വാർഷികകണക്കുകളിലെയും വരവ്-ചെലവിനങ്ങളിലെയും അപാകതകളും നിരീക്ഷണങ്ങളും ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിൽ അതതു ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി റെസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ

പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1537146.00 | 1505391.00 | 38241.00 | 515.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1536631.00 | 1499475.00 | 22533.00 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( 0/105X100)= 0<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

എ) സഞ്ചയയിലേയും സാംഖ്യയിലേയും കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(ഡിമാന്റ് -കളക്ഷൻ+മുൻകൂർ= ബാലൻസ്)

## 1-12 വസ്തു നികുതി -നോൺറസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 653313.00 | 612530.00 | 30568.00 | 12241.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 653313.00 | 607028.00 | 15797.00 | *12241.00 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(12854. 00 /105X100)=12241.00 |

എ) സഞ്ചയയിലേയും സാംഖ്യയിലേയും കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(ഡിമാന്റ് -കളക്ഷൻ+മുൻകൂർ= ബാലൻസ്)

## 1-13 വസ്തു നികുതി കുടിശ്ശിക - റസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1476 | 1476 | 0 |
| വാർഷികകണക്കിലെ വിവിധ | 0 * | 1476 | 0 ** |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)(........../105X100)=......., |

## 1-14 വസ്തു നികുതി കുടിശ്ശിക -നോൺ റസിഡൻഷ്യൽ-സഞ്ചയയും സാംഖ്യയും തമ്മിൽ പൊരുത്തമില്ല.

നോൺ-റെസിഡൻഷ്യൽ

| ഡിമാന്റ് | കളക്ഷൻ | ബാക്കി | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 24484.00 | 12245.00 | 12239.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 24521.00<br>(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(12854.00+12894.00=25748.00/105*100) | 12245.00<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | 12239.00<br>**(12854.00/105X100)=12241.00,ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

എ) സഞ്ചയയിലേയും സാംഖ്യയിലേയും ഡിമാന്റ് തുകകൾ തമ്മിൽ വ്യത്യാസമുണ്ട്.

ബി) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ ഗണിത ക്രിയയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.(ഡിമാന്റ് -കളക്ഷൻ+മുൻകൂർ= ബാലൻസ്)

## 1-15 ലൈബ്രറിസെസ് -വാർഷികകണക്കും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 78502.00 | 75 | 78577 | 75987 | 75 | 76062 | 2492.00 | | 26.00 | 0 | 26.00 |
| | നോൺ-റെസിഡൻഷ്യൽ | 33260 | 1228 | 34488 | 30848 | 613 | 31461 | 1783.00 | | 613 | 615 | 1228 |
| | ആകെ | | | 113065 | | | 107523 | 4275.00 | | 1254 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 113065.00 | | | 107523.00 | | | 0 | 107549 | 1228.00 | | |
| | | 1228.00+111837.00 =113065(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

എ)"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

ബി)തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 107523.00രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 107523.00രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 107549.00 രൂപയാണ്.(വൌച്ചർ 41900214 /31.3.20,41900226/31.03.20 (75987+75+30848+613+26=107549.00))

സി)ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ്

ഉൾപ്പെടെ) 25708/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1224.00 (25708/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 1228.00രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-16 വസ്തു നികുതി -ഡിമാന്റ് എൻട്രി രണ്ട് തവണ മാത്രം

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ 150പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2019-20ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 വസ്തുനികുതി മുൻകൂർ ലഭിച്ച തുകയേക്കാൾ കൂടുതൽ തുക ക്രമീകരിച്ചു.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/19 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 16702.00 | 22533.00 |

## 1-18 വാടക ഡിമാന്റ് എന്ട്രി രണ്ട് തവണ മാത്രം

2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു..

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(64 കെട്ടിടങ്ങൾ) | 130100101-Rent From Building | 1798919 | 04.06.2019&31.3.20 | 41900030/04.06.19& 41900195,41900225/31.03.2020 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 രജിസ്റ്ററുകൾ ശരിയായി പരിപാലിച്ചിട്ടില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി ,വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ആയതിനാൽ ഡി.സി.ബി. തയ്യാറാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

6 ഡോഗ് & പിഗ് ലൈസൻസ് രജിസ്റ്റർ

7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-20 മുൻകൂർ തുക ലഭിച്ചത് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര.ന | വരുമാനം | മുൻകൂർ ശീർഷകം | 31/3/2020 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 92870.00 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 32900.00 |

## 1-21 രേഖകൾ ഇല്ലാതെ ജേണൽ എൻട്രി -ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2020ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 15636.00 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 15794.00 |
| 280200401-Prior Period Income-Rent From Building | (1714.00) |
| 280600499-Prior Period Expenses-Remission And Refund-Other Incomes | 22014 |

## 1-22 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-24 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2441527 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4010878.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-25 ഡിപ്രിയിസേഷൻ - വർക് ഷീറ്റ്,ജേണൽ വൌച്ചർ ഹാജരാക്കിയില്ല.

2019-20 വർഷത്തെ Income And Expenditureപത്രിക(I-17(a)) പ്രകാരം 4704700.00 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-26 ഡിപ്രിയിസേഷൻ കണക്കാക്കിയില്ല.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികൾക്ക് (Land ഒഴികെ) ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്ര.ന | ആസ്തി -ശീർഷകം | 31/3/2021 ലെ മൂല്യം |
|---|---|---|
| 1. | Waste Treatment -Mechanical | 412000.00 |

| | |
|---|---|
| Plants | |

## 1-27 ക്ലോസിങ് സ്റ്റോക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 306598.00രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ.വില രേഖപ്പെടുത്തുന്നില്ല.ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

## 1-28 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ,ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320700104,105&320700204,205 | Contributions Of Joint Venure Projects-Block&jilla Panchayath | 450.00<br>138447.00<br>771556.00<br>1050300.00<br>1960753.00 | 450650109 | TreasurySpecial TSB-Joint Venture | 1752645.00 |

## 1-29 ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രക തയ്യാറാക്കിയിട്ടില്ല.(കേരള പഞ്ചായത്ത് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 57))

| ക്ര.ന | ബാങ്ക് | അക്കൌണ്ട് നമ്പർ | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|---|
| 1 | SBT Old Age | 5701110709 | 4/19 മുതൽ 3/20 വരെ |
| 2. | SBT M /N | 67104680865 | 4/19 മുതൽ 3/20 വരെ |
| 3 | Thrissur District Co-operative Bank-Swabhiman | 35 | 4/19 മുതൽ 3/20 വരെ |

1.Treasury Special TSB -Joint Venture ബാങ്ക് അക്കൌണ്ടിന്റെ പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. LGTSB ബാങ്ക് അക്കൌണ്ടിന്റെ ബാങ്ക് ബുക്ക് ലഭ്യമായിട്ടില്ല.

3.ഇടപാടുകൾ ഇല്ലാത്ത SBT Old Age,SBT MN,Swabhiman Co Op Bank എന്നീ അക്കൗണ്ടുകൾ ക്ളോസ് ചെയ്തിട്ടില്ല.

## 1-30 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)).ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 480047 | 21.8.19 | 214 |

## 1-31 " Directly Debited By Bank" ൽ ഉൾപ്പെടുത്തിയത് ഉചിതമായ ശീർഷകത്തിൽ

രേഖപ്പെടുത്തേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൌണ്ട്പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2020 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രിക യിൽ ഈ തുക " Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്.ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും ,പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ് .ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2019-20 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| തീയ്യതി | തുക | |
|---|---|---|
| 11.07.2017 | 1.49 | 1782408,Dhanalakshmi Bank,NREGS |

## 1-32 അക്കൗണ്ട് ബാലൻസ് - റീ കൺസിലിയേഷൻ പത്രികയിൽ തെറ്റായി രേഖപ്പെടുത്തി.

TDCB Own Fund അക്കൌണ്ട് നം.10707032458 പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് 180191/-രൂപയാണ്.എന്നാൽ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത് 180212/-രൂപയാണ്.21/-രൂപയുടെ വ്യത്യാസം ഉണ്ട്.

## 1-33 Capital Work In Progress-ൽ തുക ചേർത്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/20വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/20 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1924405.00 രൂപയാണ്. എന്നാൽ 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 0രൂപ യാണ്.

## 1-34 മുന്കൂർ നൽകിയത് -വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടും മുൻകൂറിൽ ഉൾപ്പെടുത്തി.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 ലെ കെഎസ് ഇബി അഡ്വാൻസിൽ ഉൾപ്പെട്ട നമ്പർ202500.00രൂപക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുള്ളതും വൗച്ചർ നമ്പർ 41800107/31.10.18 പ്രകാരം വരുമാനമായി ക്രമീകരിച്ചിട്ടുള്ളതമാണ്. എന്നാൽ 2019-20 വാർഷികകണക്കിലും പ്രസ്തുത തുക മുൻകൂറിൽ ഉൾപ്പെടുത്തിയത് തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്.

## 1-35 അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം ചെലവായി രേഖപ്പെടുത്തി.

വൗച്ചർ നമ്പർ 21900256/16.07.2019,21900634/27.12.2019 &21900905/20.03.2020 എന്നിവ പ്രകാരം യഥാക്രമം 9457/-,6751/-&22159/- എന്നീ തുകകൾ പോസ്റ്റ് ഷിഫ്റ്റിങ്ങിന് കെഎസ് ഇബിക്ക് ഡെപ്പോസിറ്റ് നൽകിയത് അഡ്വാൻസ് ഹെഡ്ഡിൽ ഉൾപ്പെടുത്തുന്നതിന് പകരം 230800106 ലാണ് ബുക്ക് ചെയ്തത്.

## 1-36 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ പ്രവർത്തിക്കുന്ന

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല.

ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു :

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 132 പ്രകാരം ക്ഷീരസഹകരണ സംഘം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു സഹകരണ സംഘം മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

ആയതുമായി ബന്ധപ്പെട്ട നൽകിയ എൻക്വയറിക്ക് (നമ്പർ: 7/26.04.2022), മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് 2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-37 പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

വ്യവസായം, വാണിജ്യം, സംരഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്ക് നല്കിയിട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾ/മുറികൾക്ക് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

| വാർഡ് | കെട്ടിട നമ്പർ |
|---|---|
| 4 | 439,440,441,447,450,451,452,453,457,458,459, |
| 8 | 38,39,40,41,42,43,44,45,46,56,57,59,60,55A,55B,55C,55G,53B,53D,53E, 53H,53I,53J,53K,53L,53M,53N,53O,53R,53S,53T |
| 10 | 477,478,479 |

പ്രസ്തുത കെട്ടിടങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.04.2022) മറുപടി ലഭ്യമാക്കിയില്ല. ഫീൽഡ് ക്ലർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്.
പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ലൈസൻസിനായി അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഓരോ വർഷവും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും നിർത്തലാക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കിയും ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്.

## 1-38 ലേലം-ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന ശീർഷകങ്ങളിൽ വരവ് ലഭ്യമായിട്ടുണ്ട്.

| Item | Head | Amount |
|---|---|---|
| Sale Of Usurfructs Of Trees | 150100107 | 600/- |
| Sale Of Scrap | 150120103 | 32452/- |

എന്നാൽ ഇതിന്റെ സാധുത പരിശോധിക്കാനുള്ള ഫയലുകൾ ലഭ്യമാക്കിയില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലേലം രജിസ്റ്ററിൽ മേൽ വരവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ 33052/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയലും അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം 09/26.04.2022)

## 1-39 പഞ്ചായത്ത് കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

06.09.2019 ൽ നടന്ന പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകക്ക് നൽകുന്ന ലേലത്തിൽ, 8/53 N എന്ന കെട്ടിടം, ദീപ ഇരയിമ്മൻതോപ്പ് എന്ന വ്യക്തിക്ക് പ്രതിമാസം 13300/- രൂപ നിരക്കിലും, 8/53 T എന്ന കെട്ടിടം, ഫഹദ് പണിക്കശ്ശേരി എന്ന വ്യക്തിക്ക് പ്രതിമാസം 2800/- രൂപ നിരക്കിലും ലേലം താൽകാലികമായി സ്ഥിരപ്പെടുത്തി

നൽകിയിരുന്നു. പഞ്ചായത്തിന്റെ കെട്ടിടങ്ങളും മുറികളും വാടകക്ക് നൽകുന്നതിനുള്ള ബൈലോ, ഖണ്ഡിക 11 പ്രകാരം "ലേലം ചെയ്യുന്ന ഉദ്യോഗസ്ഥൻ ലേലം താൽകാലികമായി സ്ഥിരപ്പെടുത്തിയാൽ ലേലം കൊണ്ടയാൾ അപ്പോൾ തന്നെ 3 മാസത്തെ വാടക മുൻകൂറായി കെട്ടി വെക്കേണ്ടതാണ്. ഈ സംഖ്യക്ക് യാതൊരു പലിശയും നൽകുന്നതല്ല." അപ്രകാരം നിരതദ്രവ്യത്തോടൊപ്പം യഥാക്രമം 3 മാസത്തെ വാടകത്തുകയായ 39900/-രൂപയും 8400/- രൂപയും അടവാക്കേണ്ടതാണ്. എന്നാൽ ജി എസ് ടി യും പ്രളയനികുതിയും ഉൾപ്പടെ ഒരു മാസത്തെ വാടക മാത്രമാണ് (യഥാക്രമം 15694/-,3304/-) ഈടാക്കിയിട്ടുള്ളത്. പിന്നീട് ഇവർ ലേലം സ്ഥിരപ്പെടുത്താതിരുന്നതിനാൽ വീണ്ടും ലേലം നടത്തേണ്ടി വരുകയും, 22.11.2019 ന് നടന്ന ലേലത്തിൽ, 8/53 N നമ്പർ കെട്ടിടം പ്രതിമാസം 13100/- രൂപക്ക് ചിന്ത ശിവകുമാർ എന്ന വ്യക്തിക്കും, 8/53 T കെട്ടിടം പ്രംനാഥ് ചേന്ദപ്പറമ്പിൽ എന്ന വ്യക്തിക്കും ലേലം അംഗീകരിച്ച് നൽകുകയും ഡിസംബർ മാസം മുതൽ വാടക ഈടാക്കി വന്നിട്ടുള്ളതുമാണ്. പുനർലേലം നടത്തിയതിനാലും കെട്ടിടങ്ങൾ വാടകക്ക് നൽകിയത് വൈകിയതിനാലും വന്ന നഷ്ടം, താൽകാലികമായി ലേലം അംഗീകരിച്ച് നൽകിയപ്പോൾ ബൈലോ പ്രകാരം 3 മാസത്തെ വാടക മുൻകൂറായി വാങ്ങിയിരുന്നെങ്കിൽ അതിൽ നിന്നും ഈടാക്കാമായിരുന്നു. എന്നാൽ ഒരു മാസത്തെ വാടക മാത്രം ഈടാക്കിയതിനാൽ 15694/-, 3304/- എന്നീ തുകകൾ മാത്രമാണ് ഇവരിൽ നിന്നും ഈടാക്കാൻ കഴിഞ്ഞത്. പഞ്ചായത്ത് കെട്ടിടങ്ങൾ വാടകക്ക് നൽകുമ്പോൾ അംഗീകരിച്ച ബൈലോ പ്രകരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 സ്ഥാപന തൊഴിൽ നികുതി-ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയിനത്തിലായി 192460/- രൂപ ഡിമാന്റ് ചെയ്തിട്ടുള്ളതും 129160/- രൂപ പ്രസ്തുത വർഷത്തിൽ വരവ് വന്നിട്ടുള്ളതുമാണ്. മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും(ഓഡിറ്റ് അന്വേഷണം നം. 20/27.04.2022) ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994, സെക്ഷൻ 205 I പ്രകാരം വാർഡ് തലത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-41 വിമുക്ത ഭടൻമാർക്കുള്ള നികുതി ഒഴിവ്- സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ) നം.106/2017/തസ്വഭവ പ്രകാരം വസ്തു നികുതി ഒടുക്കുന്നതിൽ നിന്നും നികുതി ഒഴിവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും മാർച്ച് 31 ന മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ സഞ്ചയയിൽ നിന്നുള്ള ലിസ്റ്റ് പ്രകാരം ആകെ 35 വിമുക്ത ഭടൻമാർക്ക്/അവരുടെ ഭാര്യമാർക്ക് വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവ് നൽകിയിട്ടുള്ളതാണ്. എന്നാൽ ആകെ 6 പേർ മാത്രമേ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളൂ. ആയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/30.04.2022) മറുപടി ലഭ്യമാക്കിയില്ല. യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.

## 1-42 തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്.

1. പഞ്ചായത്തിന്റെ പരിധിയിൽ 7 പൊതുവിതരണ കേന്ദ്രങ്ങളും 3 കള്ളുഷോപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2. അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2019-20 സാമ്പത്തിക വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര് |
|---|---|
| 1 | ആലി മുഹമ്മദ് ഇ ഐ |
| 2 | എം എസ് സച്ചിൻ |

| | |
|---|---|
| 3 | അർഷദ് വി |
| 4 | അസ്ഹർ കെ എ |
| 5 | പി എ സജീവൻ |
| 6 | സി വി സിദ്ദാർത്ഥൻ |
| 7 | സദാനന്ദൻ എൻ പി |
| 8 | രഞ്ജിത്ത് ടി |
| 9 | അബ്ദുൾ ജബ്ബാർ |
| 10 | സി വി ഷാൻ |
| 11 | രാഹുൽ സി ആർ |

ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റു പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജാക്കേണ്ടതുമാണ്.

## 1-43 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്കിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം./പേര് | വൗച്ചർ നം. | തുക | പത്രം |
|---|---|---|---|
| പദ്ധതി ആസൂത്രണം മോണിറ്ററിംഗ്, 09/20 | 21900357/20.08.2019<br>21900678/26.11.20 | 44515/-<br>24820/- | ദേശാഭിമാനി |
| | 21900503/28.02.2020 | 9660 | ദേശാഭിമാനി |
| | 21900257/10.07.2019 | 7728 | ദേശാഭിമാനി |

സർക്കാർ ഉത്തരവിന് വിരുദ്ധമായി വിവിധ ബില്ലുകളിലായി അധികമനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനോ, ഭാവിയിൽ ഈ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ബിൽ തുകയിൽ നിന്ന് ക്രമീകരിക്കുന്നതിനോ നടപടികൾ ഉണ്ടാവേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14/27.04.2022 )

### 1-44 സാമൂഹ്യ ക്ഷേമ പെൻഷൻ- വാർഷികകണക്കിലെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

സാമൂഹ്യ ക്ഷേമ പെൻഷൻ ചെലവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.ആയവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-45 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ അപാകതകൾ കാണുന്നു.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം./പേര് | വൗച്ചർ.നം. | തുക | അപാകത |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം നൽകൽ,02/20 | 21900349/06.08.2019 | 52000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | കാൻ തൃശ്ശൂർ-വിഹിതം നൽകൽ,22/20 | 21900515/09.10.2019 | 70000/ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

### 1-46 എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി.

എസ്.എസ്.എ വിഹിതം,08/20

വൗച്ചർ.നം.21900448/23.09.2019-400000/-

എസ്.എസ്.എ വിഹിതമായി ഗ്രാമപഞ്ചായത്ത് തൻവർഷം 400000/- രൂപ എസ്.എസ്.എ -ക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ കൊടുങ്ങല്ലൂർ BRC -യുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 636600/- രൂപയാണ് .ആയതിന്റെ 40% വിഹിതം മാത്രമാണ് ഗ്രാമപഞ്ചായത്ത് കൈമാറേണ്ടത്.ആയത് പ്രകാരം നൽകേണ്ടതുക 254640/-രൂപയാണ്.ബാക്കി തുക 145360/- രൂപ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 14/27.04.2022)

### 1-47 പൂകൃഷി - രേഖകൾ പൂർണ്ണമല്ല.31250രൂ തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ-26/20

നിർവ്വഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

ബിൽ നമ്പർ-4/6.11.19-33750/-

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചെണ്ടുമല്ലിത്തൈകളുടെ വിലയായി 2500 രൂപ മതിലകം കാർഷിക സേവന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ബാക്കി തുകയുടെ ചെലവ് രേഖകൾ ഫയലിൽ ഇല്ല .ബാലൻസ് തുകക്കുള്ള രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി (26/28.4.22) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.ആയതിനാൽ ചെലവ് തുക (33750-2500=31250) 31250രൂ തടസ്സപ്പെടുത്തുന്നു.

### 1-48 വനിത പച്ചക്കറി കൃഷി -മൺചട്ടി വാങ്ങിയതിലെ അപാകതകൾ

പദ്ധതി നമ്പർ-30/20

നിർവ്വഹണ ഉദ്യോഗസ്ഥ-കൃഷി ഓഫീസർ

ബിൽ നമ്പർ-8/13.3.20-93480/-

തനത് ഫണ്ട്-246520/-

ഒരു മൺ ചട്ടിക്ക് 152 രൂ നിരക്കിൽ (2940ചട്ടികൾ) പെരിഞ്ഞനം കാർഷിക കർമ്മ സേനയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നമ്പർ-സ.ഉ(കൈ) 22/20189/തസ്വഭവ തീയതി. 14.2.18 പ്രകാരം മൺ ചട്ടികൾ ഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്നവയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം .എന്നാൽ അപ്രകാരം

സാക്ഷ്യപ്പെടുത്തിയിട്ടില്ല.2019-20 ൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചതിൽ മൺ ചട്ടി ഉൾപ്പെട്ടിരുന്നില്ല. യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കാതെ വാങ്ങിയതിന് ആധാരമായി മറ്റേതെങ്കിലും ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.(27/28.4.22).രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-49 മുൻകൂർ നൽകിയത് ക്രമീകരിച്ചിട്ടില്ല.

2019-20 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ (31.03,2020)കാണുന്നു.പ്രസ്തുത മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ (ഏത് തിയതിയിൽ)വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി-നം.24/28.04.2022)

| ക്രമ നം. | വൗച്ചർ നം. | തുക | തുക കൈപ്പറ്റിയവർ |
|---|---|---|---|
| 1 | 21900037/16.05.2019 | 25000/- | കൃഷി ഓഫീസർ |
| 2 | 21900090/16.05.2019 | 25000/- | എച്ച്.എം,ജി.എഫ്.എൽ.പി.എസ് |
| 3 | 21900153/14.06.2019 | 15000/- | മെഡിക്കൽ ഓഫീസർ,ആയുർവേദം |
| 4 | 21900177/19.06.2019 | 20000/- | ഐ.സി.ഡി.എസ് |
| 5 | 21900326/19.08.2019 | 5000/- | ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| 6 | 21900481/25.10.2019 | 70000/- | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 7 | 21900482/25.10.2019 | 12622/- | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 8 | 21900698/13.01.2020 | 20000/- | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 9 | 21900788/07.02.2020 | 9375/- | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ |

## 1-50 ലൈഫ് മിഷൻ പട്ടികജാതി വിഹിതം വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തു

2019-20 വർഷത്തെ വികസനഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം ലൈഫ് മിഷൻ പട്ടികജാതി വിഹിതം കുറവ് ചെയ്തിട്ടുണ്ട്.(പദ്ധതി നം.163/20)

സ.ഉ.(സാധാ)10050/2019/ധന. തി.21.12.2019 – 29,412/-

ലൈഫ് മിഷൻ ഭവനവായ്പ ഇനത്തിൽ പൊതുവിഭാഗം ഫണ്ട് മാത്രമാണ് ലോണായി ലഭ്യമായിട്ടുള്ളത്. പൊതുവിഭാഗത്തിനു മാത്രമാണ് ലൈഫ് മിഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. സ.ഉ.കൈ.നം.11/2018/തസ്വഭവ തി.29.01.2018 ഖണ്ഡിക 6-1 പ്രകാരം പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. ഇക്കാര്യം സർക്കാരിനെ അറിയിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

## 1-51 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

2019-20 വർഷം തനത് ഫണ്ട് പരിശോധനയിൽ താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പോസ്റ്റ് ഷിഫ്റ്റിങ്ങിന് കെഎസ് ഇ ബിക്ക് ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്.എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.ഇക്കാര്യം ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.(ഓഡിറ്റ് എൻക്വയറി-നം.24/28.04.2022)

| വൗച്ചർ നമ്പർ | തുക |
|---|---|
| 21900256/16.07.2019 | 9457/- |
| 21900634/27.12.2019 | 6751/- |

| | |
|---|---|
| 2190089/18.03.2020 | 22159/- |

മുകളിൽ പറഞ്ഞ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-52 കന്നുകുട്ടി പരിപാലന പദ്ധതി

കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നം 68/20

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

അടങ്കൽ 306250

ചെലവ് 306250

2019-20 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 156250രൂപ പൊതുവിഭാഗം സാധാരണവിഹിതവും(ബിൽ നം.3/24.10.2019) 150000 രൂപ 15.11.2019ന് തനത് ഫണ്ടിൽ നിന്നും കൂടി ആകെ 306250 രൂപ എസ് എൽ ബി പിയ്ക്ക് മേൽ നം ബിൽ പ്രകാരം നൽകിയിട്ടുണ്ട്. 49 ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽതാഴെ പറയുന്നവർ അതത് തിയ്യതി മുതൽ പദ്ധതിയിൽ തുടരുന്നതായി കാണുന്നില്ല.

| ക്രമ നം | പേര് | |
|---|---|---|
| 1 | ഭാസ്കരൻ തെക്കൂട്ട് | 1-2-2021 മുതൽ |
| 2 | ശശികല കണ്ണം പറമ്പിൽ | 4/2021 മുതൽ |
| 3 | വിലാസിന് സുഭാശൻ | 1-2-2021 മുതൽ |
| 4 | കൽപ്പന കുട്ടൻ,മാത്തോലി | 4/2021 മുതൽ |
| 5 | മോഹനൻ ,ചാലന | 11/2020 മുതൽ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 11/26-4-2022ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019-20 വർഷത്തെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെട്ട 5 ഗുണഭോക്താക്കൾ വിവിധ കാലയളവിൽ പദ്ധതി പ്രകാരമുള്ള തീറ്റ വാങ്ങുന്നതിൽ നിന്ന് വിട്ടുപോയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ നിശ്ചിത കാലയളവിലെ പദ്ധതി പ്ലാൻ വിഹിതം നിലവിൽ SLBP ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൌണ്ടിലാണ് ഉള്ളതെന്നും ആയത് തിരികെ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പൂർത്തീകരിക്കുന്ന മുറയ്ക്ക് എസ് എൽ ബി യിൽ നിന്നും പദ്ധതി പൂർത്തീകരണത്തിന്റെ വിശദാംശവും , മേൽ പദ്ധതിയിൽ നിന്നും ഒഴിവായിട്ടുള്ള ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേയ്ക്ക് അടവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-53 പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യ സമയത്ത് ലഭിക്കുന്നില്ല.

ഫിഷറീസ് സബ്ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിലെ കാലതാമസം മൂലം ഗുണഭോക്താക്കൾക്ക് കൃത്യ സമയത്ത് ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്ന അവസ്ഥ ഉണ്ടാകുന്നതായി കണ്ടു.ഉദാഹരണം താഴെ ചേർക്കുന്നു.

പദ്ധതി നമ്പർ- 16/20

മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി

2018-19 ൽ ആവിഷ്കരിച്ച പദ്ധതി 19-20 ൽ സ്പിൽ ഓവറാക്കിയെങ്കിലും നടപ്പാക്കിയില്ല.ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി നടപ്പാക്കാനായില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സെക്രട്ടറിയെ രേഖാ മൂലം അറിയിച്ചിട്ടുണ്ട്. 27.11.18 ൽ ടെണ്ടർ ക്ഷണിച്ച പദ്ധതിയുടെ ടെണ്ടർ കമ്മറ്റി അംഗീകരിച്ചത് 24.12.18 നാണ്.ലിൻസൻ പിഎ എന്ന വ്യക്തിയുടെ പേരിലാണ് ടെണ്ടർ ഉറപ്പിച്ചത്. ജനവരി 2019ൽ ഗുണഭോക്തൃ വിഹിതം സ്വീകരിച്ചു.ഗുണഭോക്താക്കൾക്ക് വഞ്ചി നല്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വഞ്ചി കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | 1)പിഎ ദിനേശൻ,പോണത്ത് ,കാര- | 11.12.19 |

| | | |
|---|---|---|
| 2 | ടിആർ സത്യൻ,തേവാലിൽ | 12.7.20 |
| 3 | കെ എസ് രവി,കളത്തിൽ | 30.4.20 |
| 44 | എം.കെ.ബോസ് മംഗലപ്പിള്ളി | 27.1.20 |

ഗുണഭോക്തൃ വിഹിതം അടവാക്കി ഒരു വർഷത്തിനു ശേഷമാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിരിക്കുന്നത്.

2)മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്

പദ്ധതി നമ്പർ-16/20

ബിൽ നമ്പർ-7/20.4.20-54330

8/20.4.20-54330/-

2019-20 സ്പിൽ ഓവർ ആയി 20-21 ൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ആഷ.എം.എം,മുല്ലപ്പറമ്പത്ത് എന്ന വിദ്യാർത്ഥിനി ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം ടിയാളുടെ കോഴ്സ് കാലാവധി 2017-20 ആണ് 18.3.20നാണ് പ്രസ്തുത വിദ്യാർത്ഥിനിക്ക് ലാപ്ടോപ്പ് നൽകിയിരിക്കുന്നത്.കോഴ്സ് കഴിയുന്ന സമയത്ത് ലാപ്ടോപ്പ് ലഭിക്കുന്നതു കൊണ്ട് ഉദ്ദേശിച്ച പ്രയോജനം ഉണ്ടാകുന്നില്ല .

പദ്ധതികൾ നടപ്പിലാക്കുമ്പോൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-54 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും

2019-20 സാമ്പത്തികവർഷം 57 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ കോവിഡ് സാഹചര്യം മൂലം 29 പ്രൊജക്റ്റുകൾക്ക് വേണ്ടി മാത്രമാണ് തുക ചെലവഴിക്കാൻകഴിഞ്ഞിട്ടുള്ളത്. മൊത്തം 24228795രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ9388444 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. കൂടുതൽപദ്ധതികൾക്കുവേണ്ടി തുക ചെലവഴിക്കുന്നതിൽ അടുത്ത വർഷം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

## 1-55 കരാർ വെച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങിയിട്ടില്ല

.

കരാർ വെച്ച് രണ്ട് വർഷത്തിലേറെ പിന്നിട്ടിട്ടും പ്രവൃത്തി തുടങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ കാതിയാളം പള്ളി കുഞ്ഞയിനി മലബാർ ലിങ്ക് റോഡ് റീടാറിങ് എന്ന പ്രവൃത്തിയാണ് ഇപ്രകാരം നാളിതുവരെ തുടങ്ങാത്തത്.

പ്രവൃത്തി സംബന്ധിച്ച പൊതുവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 157/21 |
| അടങ്കൽ, ഫണ്ട് | 222242-CFC ഗ്രാന്റ്<br>172339-സംരക്ഷണഗ്രന്റ് റോഡിതരം<br>10419-തനതുഫണ്ട് |
| നി.ഉദ്യോഗസ്ഥൻ | അസി. എൻജിനീയർ |
| കരാറുകാരൻ | വി.എ.സിദ്ദിക്ക് |
| കരാർ | 29/AE/LSGD/EDV/2019-20/10/12/19 |

കരാറുകാരനുമായി ചമച്ച കരാറിലെ ആറാം നിബന്ധന പ്രകാരം സ്ഥലം ഏറ്റുവാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കണമെന്നുള്ളതാണ്.പ്രവൃത്തി തുടങ്ങാത്തതിന്റെ കാരണമൊന്നും കരാറുകാരൻ അറിയിക്കുകയോ പ്രവൃത്തി തുടങ്ങാത്തതു സംബന്ധിച്ച് കാറുകാരന് നോട്ടീസ് നൽകുകയോ ഉണ്ടായിട്ടില്ല. പ്രവൃത്തി തുടങ്ങാൻ വൈകുന്തോറും റോഡിന് കൂടുതൽ കേടുപാടുകൾ സംഭവിക്കുന്നതാണ്.

പ്രൊജക്റ്റ് സ്പിൽ ഓവർ ചെയ്യാത്തപക്ഷം ആയത് വകയിരുത്തിയ ഫണ്ട് നഷ്ടപ്പെടുവാനും ഇടവരുത്തുന്നതാണ്.

29/4/22 ന് ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർക്കൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ റോഡ് വളരെയധികം പൊട്ടിപ്പൊളിഞ്ഞു പരിതാപകരമായ അവസ്ഥയിലാണെന്ന് കണ്ടു.
റോഡിന്റെ കുറ്റമറ്റ രീതിയിലുള്ള സംരക്ഷണപ്രവർത്തനം എത്രയും വേഗം ഉറപ്പുവരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | കന്നുകുട്ടി പരിപാലനം(S00/20) | 150000 | 0 |
| | 2019-20 | 500000 | അങ്കണവാടി അനുപൂരക പോഷകാഹാരം (S00/20) | 426510 | 73490 |
| | 2019-20 | 250000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(S00/20) | 250000 | 0 |
| | 2019-20 | 793414 | ലൈഫ് (ജനറൽ) (S00/20) | 780000 | 13414 |
| | 2019-20 | 100000 | ലൈഫ് (എസ്.സി) (S00/20) | 100000 | 0 |
| | 2019-20 | 75000 | ഹരിതകർമ്മ സേന വഴി പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം(S00/20) | 53610 | 21390 |
| | 2019-20 | 500000 | നടവരമ്പ് യു ബസാർ റോഡ് റീടാറിംഗ് (S0/20) | 160616 | 339384 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്(S00/20) | 399700 | 300 |
| | 2019-20 | 1600000 | ലൈഫ് (ജനറൽ) (S00/20) | 1600000 | 0 |
| | 2019-20 | 100000 | കിണർ മെയിന്റനൻസ്. | 98206 | 1794 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാനായിട്ടില്ല.തന്നിരിക്കുന്ന കണക്കുകൾ വാർഷീക കണക്കുകളുമായി

പൊരുത്തപ്പെടുന്നില്ല.RP 7 ഷെഡ്യൂൾ പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്നും 1800000രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 400000 രൂപയുമാണ് ആണ് വരവ്.നീക്കിയിരിപ്പ് തുക വാർഷീക കണക്ക് B4 ഷെഡ്യൂളുമായും പൊരുത്തപ്പെടുന്നില്ല.വ്യത്യാസം പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വാർഷീക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം KSEB ക്കു നൽകിയ തുകയിൽ ക്രമീകരിക്കാൻ ബാക്കിയുള്ളത് 202500/-രൂപയാണ്.എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 607 രൂപമാത്രമാണ് ക്രമീകരിക്കാൻ ബാക്കിയുള്ളത്.ജല ജീവൻ മിഷനു നൽകിയ തുകയിൽ 1405732 രൂപ ക്രമീകരിക്കാൻ ബാക്കിയുള്ളതായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വാർഷീക കണക്കു പ്രകാരം ഇത്തരത്തിലൊരു തുകയില്ല.അപാകത സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC) | ലഭ്യമല്ല. | - | 12060000 | 926471 | - | 11133529 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48560796/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 46119269/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31250/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-47 | 31250 | ശ്രീമതി.ജിനി ജേക്കബ്,കൃഷിഓഫീസർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജിനി ജേക്കബ്,കൃഷിഓഫീസർ | ഇപ്പോഴത്തെ മേൽവിലാസം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല | കാഞ്ഞിരത്തിങ്കൾ വീട്,ഇരവിമംഗലം. |
| | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 83-84 | എൽ.എഫ്.ടി.എസ്2-1131/2011 /1.2.12 |
| 84-85 | |
| 86-87,87-88 | |
| 90-91 | |
| 91-92 | |
| 92-93,93-94 | |
| 94-95 | |
| 97-98 | എൽ.എഫ്.ടി.12-1447-98/14.5.99 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-210-2000/15.5.2000 |
| 98-99(വരവ്) | എൽ.എഫ്.ടി.12-170/01/6.4.01 |
| 99-00 | എൽ.എഫ്.ടി.12/296/01/2.6.01 |
| 00-01 | എൽ.എഫ്.ടി.16/22/03/27.02.03 |
| 01-02 | എൽ.എഫ്.ടി.16/1542/03 |
| 02-03,03-04 | എൽ.എഫ്.ടി.16/1820/04/09.02.05 |
| 04-05 | എൽ.എഫ്.ടി.16/311/07/7.3.07/ 5.5.07 |
| 05-06 | എൽ.എഫ്.ടി.16-797/09/22.09.10 |
| 06-07 | എൽ.എഫ്.ടി.16-810/09/22.09.10 |
| 07-08 | എൽ.എഫ്.ടി.പി.(3)1859/10/ 21.11.11 |
| 08-09 | എൽ.എഫ്.ടി.പി.(3)860/12/2.11.12 |
| 09-10 | എൽ.എഫ്.ടി.പി.(3)861/12/2.11.12 |
| 10-11 | എൽ.എഫ്.ടി.പി.862/12/2.11.12 |
| 12-13 | എൽ.എഫ്.ടി.പി.3-1026/14/ 11.12.2014/11.3.2015 |
| 13-14& 14-15 | കെ.എസ്എ.ടി.എസ്.ആർ.(പി3)353/16/ 30.03.16 |
| 15-16 | കെ.എസ്എ.ടി.എസ്.ആർ.(പി3)1909/2016 തീ. 19.11.16 |
| 16-17 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1645/2017തീ. 29.11.17 |
| 17-18 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1871/2018തീ. 12.12.2018 |
| 18-19 | കെ.എസ്.എ.ടി.എസ്.ആർ(പി3) 449/2020 /04.06.20 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്